©
കേരള സർക്കാർ
Government of Kerala
2015

Regn. No. KERBIL/2012/45073
dated 5-9-2012 with RNI
Reg. No. KL/TV(N)/634/2015-17

# കേരള ഗസററ്
# KERALA GAZETTE

## അസാധാരണം
## EXTRAORDINARY

### ആധികാരികമായി പ്രസിദ്ധപ്പെടുത്തുന്നത്
### PUBLISHED BY AUTHORITY

| | | | | |
|---|---|---|---|---|
| വാല്യം 4<br>Vol. IV | തിരുവനന്തപുരം, ഞായർ<br>Thiruvananthapuram, Sunday | 2015 ജനുവരി 25<br>25th January 2015<br>1190 മകരം 11<br>11th Makaram 1190<br>1936 മാഘം 5<br>5th Magha 1936 | നമ്പർ<br>No. | 181 |

## കേരള സർക്കാർ

തദ്ദേശസ്വയംഭരണ (ഇഎം) വകുപ്പ്

## വിജ്ഞാപനം

നമ്പർ ഇഎം 3/13(3)/2014/തസ്വഭവ. *തിരുവനന്തപുരം, 2015 ജനുവരി 25 / 1190 മകരം 11.*

1994-ലെ കേരള മുനിസിപ്പാലിറ്റി ആക്റ്റ് (1994-ലെ 20) 4-ാം വകുപ്പ് (1)-ാം ഉപവകുപ്പ് (ബി) ഖണ്ഡവും (2)-ാം ഉപവകുപ്പ് (എഫ്) ഖണ്ഡവും പ്രകാരം നൽകപ്പെട്ട അധികാരം വിനിയോഗിച്ചുകൊണ്ടും 1994 ഏപ്രിൽ 22-ാം തീയതിയിലെ സ.ഉ.(എംഎസ്) 91/94/എൽ.എ.ഡി. നമ്പർ ആയി പുറപ്പെടുവിച്ചതും 1994 ഏപ്രിൽ 22-ാം തീയതിയിലെ 361-ാം നമ്പർ കേരള അസാധാരണ ഗസറ്റിൽ എസ്.ആർ.ഒ. നമ്പർ 478/94 ആയി പ്രസിദ്ധപ്പെടുത്തിയ വിജ്ഞാപനം V ഭാഗികമായി ഭേദഗതി ചെയ്തും താഴെ പട്ടികയിലെ (2)-ാം കോളത്തിൽ പറയുന്ന ജില്ലകളിലെ (3)-ാം കോളത്തിൽ പറയുന്ന ഗ്രാമ പഞ്ചായത്തുകളെ (4)-ാം കോളത്തിൽ പറയുന്ന മുനിസിപ്പാലിറ്റികളാക്കി 2015 നവംബർ 1-ാം തീയതി മുതൽ പ്രാബല്യത്തിൽ വരത്തക്കവണ്ണം രൂപീകരിക്കുവാനും അതിന് (5)-ാം കോളത്തിൽ പറഞ്ഞിരിക്കുന്ന ആസ്ഥാനം നിശ്ചയിക്കുവാനും കേരള സർക്കാർ ഉദ്ദേശിക്കുന്ന വിവരം ഇതിനാൽ പ്രസിദ്ധീകരിക്കുന്നു.

സർക്കാർ പ്രസ്സുകളുടെ സൂപ്രണ്ടിനാൽ തിരുവനന്തപുരം ഗവൺമെന്റ് സെൻട്രൽ പ്രസ്സിൽ അച്ചടിച്ച് പ്രസിദ്ധീകരിച്ചത്, 2015.
33/339/2015/S-16.

പ്രസ്തുത നിർദ്ദേശങ്ങൾ ഈ വിജ്ഞാപനം പ്രസിദ്ധീകരിക്കുന്ന തീയതി മുതൽ പതിനഞ്ച് ദിവസം തികയുന്ന തീയതിക്കോ അതിനുശേഷമോ പരിഗണനയ്ക്കെടുക്കുന്നതാണെന്നും, പ്രസ്തുത നിർദ്ദേശങ്ങളെ സംബന്ധിച്ച് മേൽപ്പറഞ്ഞ തീയതിക്കോ അതിനുമുമ്പോ ഏതെങ്കിലും വ്യക്തികളിൽ നിന്നോ, ഗ്രാമപഞ്ചായത്തുകളിൽ നിന്നോ ലഭിച്ചേക്കാവുന്ന ആക്ഷേപങ്ങളും നിർദ്ദേശങ്ങളും അഭിപ്രായങ്ങളും ഏതെങ്കിലും ഉണ്ടെങ്കിൽ അവ സർക്കാർ പരിഗണനയ്ക്കായി എടുക്കുന്നതാണെന്നും ഇതിനാൽ അറിയിക്കുന്നു. അത്തരം ആക്ഷേപങ്ങളും നിർദ്ദേശങ്ങളും അഭിപ്രായങ്ങളും ഗവൺമെൻറ് പ്രിൻസിപ്പൽ സെക്രട്ടറി, തദ്ദേശസ്വയംഭരണ (ഇഎം) വകുപ്പ്, ഗവൺമെന്റ് സെക്രട്ടേറിയറ്റ് (അനക്സ്), തിരുവനന്തപുരം എന്ന മേൽവിലാസത്തിൽ മേൽപ്പറഞ്ഞ തീയതിയ്ക്കകം അയച്ചുതരേണ്ടതാണ്.

പട്ടിക

| *ക്രമ നമ്പർ* | *ജില്ല* | *പരിവർത്തനപ്പെടുത്താൻ ഉദ്ദേശിക്കുന്ന ഗ്രാമപഞ്ചായത്ത്* | *പുതുതായി രൂപീകരിക്കുന്ന മുനിസിപ്പാലിറ്റി* | *പുതുതായി രൂപീകരിക്കുന്ന മുനിസിപ്പാലിറ്റിയുടെ ആസ്ഥാനം* |
|---|---|---|---|---|
| (1) | (2) | (3) | (4) | (5) |
| 1 | കൊല്ലം | കൊട്ടാരക്കര | കൊട്ടാരക്കര | കൊട്ടാരക്കര |
| 2 | പത്തനംതിട്ട | പന്തളം | പന്തളം | പന്തളം |
| 3 | കോട്ടയം | ഏറ്റുമാനൂർ | ഏറ്റുമാനൂർ | ഏറ്റുമാനൂർ |
| 4 | തൃശ്ശൂർ | വടക്കാഞ്ചേരി, മുണ്ടത്തിക്കോട് | വടക്കാഞ്ചേരി | വടക്കാഞ്ചേരി |
| 5 | പാലക്കാട് | പട്ടാമ്പി | പട്ടാമ്പി | പട്ടാമ്പി |
| 6 | മലപ്പുറം | താനൂർ | താനൂർ | താനൂർ |
| 7 | മലപ്പുറം | പരപ്പനങ്ങാടി | പരപ്പനങ്ങാടി | പരപ്പനങ്ങാടി |
| 8 | മലപ്പുറം | വളാഞ്ചേരി | വളാഞ്ചേരി | വളാഞ്ചേരി |
| 9 | കോഴിക്കോട് | പയ്യോളി | പയ്യോളി | പയ്യോളി |
| 10 | കോഴിക്കോട് | രാമനാട്ടുകര, ഫറോക്ക് | രാമനാട്ടുകര | രാമനാട്ടുകര |
| 11 | എറണാകുളം | പിറവം | പിറവം | പിറവം |
| 12 | കോഴിക്കോട് | കൊടുവള്ളി | കൊടുവള്ളി | കൊടുവള്ളി |
| 13 | വയനാട് | മാനന്തവാടി | മാനന്തവാടി | മാനന്തവാടി |
| 14 | കണ്ണൂർ | കീഴൂർ-ചാവശ്ശേരി | കീഴൂർ-ചാവശ്ശേരി | കീഴൂർ-ചാവശ്ശേരി |

| (1) | (2) | (3) | (4) | (5) |
|---|---|---|---|---|
| 15 | പാലക്കാട് | ചെർപ്പുളശ്ശേരി, തൃക്കടീരി ഗ്രാമപഞ്ചായത്തിലെ 14, 15, 16 എന്നീ വാർഡുകൾ, നെല്ലായ ഗ്രാമപഞ്ചായത്തിലെ 5-ാം വാർഡ് | ചെർപ്പുളശ്ശേരി | ചെർപ്പുളശ്ശേരി |
| 16 | പാലക്കാട് | മണ്ണാർക്കാട്, തെങ്കര ഗ്രാമ പഞ്ചായത്തിലെ 15, 16 എന്നീ വാർഡുകൾ | മണ്ണാർക്കാട് | മണ്ണാർക്കാട് |
| 17 | കോഴിക്കോട് | മുക്കം | മുക്കം | മുക്കം |
| 18 | മലപ്പുറം | കൊണ്ടോട്ടി | കൊണ്ടോട്ടി | കൊണ്ടോട്ടി |
| 19 | കോട്ടയം | ഈരാറ്റുപേട്ട | ഈരാറ്റുപേട്ട | ഈരാറ്റുപേട്ട |
| 20 | ഇടുക്കി | കട്ടപ്പന | കട്ടപ്പന | കട്ടപ്പന |
| 21 | എറണാകുളം | കൂത്താട്ടുകുളം | കൂത്താട്ടുകുളം | കൂത്താട്ടുകുളം |
| 22 | കണ്ണൂർ | പാനൂർ, പെരിങ്ങളം, കരിയാട് | പാനൂർ | പാനൂർ |
| 23 | ആലപ്പുഴ | ഹരിപ്പാട്, പള്ളിപ്പാട് ഗ്രാമപഞ്ചായത്തിലെ 11, 12, 13, 14, 15, 16 എന്നീ വാർഡുകൾ, കാർത്തികപ്പള്ളി ഗ്രാമപഞ്ചായത്തിലെ 6, 7, 8, 9 എന്നീ വാർഡുകൾ, കുമാരപുരം ഗ്രാമപഞ്ചായത്തിലെ 6, 7 എന്നീ വാർഡുകൾ, ചിങ്ങോലി ഗ്രാമപഞ്ചായത്തിലെ 3-ാം വാർഡ് | ഹരിപ്പാട് | ഹരിപ്പാട് |

ഗവർണ്ണറുടെ ഉത്തരവിൻപ്രകാരം,

ജെയിംസ് വർഗ്ഗീസ്,
ഗവൺമെന്റ് പ്രിൻസിപ്പൽ സെക്രട്ടറി.